KSFESA CITU

# KERALA STATE FINANCIAL ENTERPRISES STAFF ASSOCIATION

**Reg. No. 181/71, Kottappuram Road, Thrissur - 4**
**(Affiliated to C.I.T.U.R.No.K.1128)**
**E-mail : ksfesacitu@yahoo.co.in Web : www.ksfesa.com**

President
A.K.Balan MLA
Mob : 9846361111

General Secretary
S.Muraleekrishnapillai
Mob : 9446538432

**സർക്കുലർ 14/15**

സഖാക്കളേ, സുഹൃത്തുക്കളേ,

സംഘടനയുടെ സംസ്ഥാന കമ്മിറ്റിയോഗം 25.05.2015 (തിങ്കൾ) രാവിലെ 11 ന് കോഴിക്കോട് സി.ഐ.ടി.യു. ജില്ലാ കമ്മിറ്റി ആഫീസിൽ വച്ച് ചേർന്നു. അന്നേ ദിവസം രാവിലെ 10.00 ന് സെക്രട്ടറിയേറ്റ് യോഗവും ചേർന്നു. സംസ്ഥാന പ്രസിഡന്റ് സ: എ.കെ. ബാലൻ എം.എൽ.എ. അധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി പ്രവർത്തന റിപ്പോർട്ടവതരിപ്പിച്ചു. പ്രവർത്തനറിപ്പോർട്ടിന്മേലുള്ള ചർച്ചയ്ക്ക് പ്രസിഡന്റും ജനറൽ സെക്രട്ടറിയും മറുപടി പറഞ്ഞു. തുടർന്ന് സംസ്ഥാന കമ്മറ്റിയോഗം താഴെ കാണുന്ന തീരുമാനങ്ങൾ എടുത്തു.

**1. 2015 മാർച്ച് 3, മാർച്ച് 17 തീയതികളിലെ മാർച്ചും ധർണ്ണയും ചരിത്രവിജയമാക്കിയ സഖാക്കൾക്ക് അഭിവാദ്യങ്ങൾ**

"കെ.എസ്.എഫ്.ഇ. യെ സംരക്ഷിക്കുക, തൊഴിലവകാശങ്ങൾ സംരക്ഷിക്കുക" എന്നീ മുദ്രാവാക്യങ്ങൾ ഉയർത്തിക്കൊണ്ട് സംഘടനയുടെ നേതൃത്വത്തിൽ മാർച്ച് 3 ന് നടന്ന എച്ച്.ഒ. മാർച്ചും മാർച്ച് 17 ന് നടന്ന സെക്രട്ടറിയേറ്റ് മാർച്ചും പങ്കാളിത്തം കൊണ്ട് ചരിത്രവിജയമാക്കിയ സഖാക്കൾക്ക് സംസ്ഥാന കമ്മിറ്റി അഭിവാദ്യങ്ങൾ നേർന്നു. രണ്ട് പ്രക്ഷോഭത്തിലും വനിതാ സഖാക്കളുടെ ഉയർന്ന പങ്കാളിത്തം ശ്രദ്ധേയമായിരുന്നു.

മാർച്ച് 3 ന് നടന്ന എച്ച്.ഒ. ധർണ്ണ സി.ഐ.ടി.യു. സംസ്ഥാന സെക്രട്ടറി സ: എം.എം. വർഗ്ഗീസ് ഉദ്ഘാടനം ചെയ്തു. സി.ഐ.ടി.യു. തൃശൂർ ഏരിയ സെക്രട്ടറി സ: പി.കെ. ഷാജൻ ധർണ്ണയെ അഭിവാദ്യം ചെയ്ത് സംസാരിച്ചു. വനിതകൾ ഉൾപ്പെടെ 300 ഓളം പേർ ധർണ്ണയിൽ പങ്കെടുത്തു.

മാർച്ച് 17 ന് നടന്ന സെക്രട്ടറിയേറ്റ് മാർച്ചും ധർണ്ണയും ബഹു: പ്രതിപക്ഷ ഉപനേതാവ് സ: കോടിയേരി ബാലകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. പൊതുമേഖലാ സ്ഥാപനങ്ങൾ ഒന്നൊന്നായി തകർക്കുന്ന നയമാണ് യു.ഡി.എഫ്. സർക്കാർ സ്വീകരിക്കുന്നതെന്ന് സഖാവ് കുറ്റപ്പെടുത്തി അഴിമതിയും ധൂർത്തും കെടുകാര്യസ്ഥതയും മുഖമുദ്രയാക്കിയ യു.ഡി.എഫ്. ഭരണം, കേരളം നേടിയ എല്ലാ നേട്ടങ്ങളെയും തകർക്കുകയാണെന്നും ഇതിനെതിരെ തൊഴിലാളികളും ബഹുജനങ്ങളും മുന്നോട്ട് വരണമെന്നും സഖാവ് അഭ്യർത്ഥിച്ചു. സ: എ.കെ. ബാലൻ എം.എൽ.എ. അധ്യക്ഷത വഹിച്ചു. സ: എം.എം. വർഗ്ഗീസ്, അഡ്വ. ആർ. രാഘവൻ പിള്ള, സുന്ദരം പിള്ള., ജി. തോമസ് പണിക്കർ എന്നിവർ സംസാരിച്ചു. വനിതകൾ ഉൾപ്പെടെ 800 ഓളം പേർ പങ്കെടുത്തു.

**2. കെ.എസ്.എഫ്.ഇ. കുടുംബത്തിലെ നവാഗതർക്ക് സ്വാഗതം**

1000 ത്തോളം അസിസ്റ്റന്റ് വിഭാഗം ജീവനക്കാർ കെ.എസ്.എഫ്.ഇ. കുടുംബത്തിലെ പുതിയ അംഗങ്ങളായിരിക്കുകയാണ്. അവരെ സ്നേഹപൂർവ്വം സ്വാഗതം ചെയ്യുന്നു. പ്രലോഭനങ്ങളിലൂടെയും കള്ള പ്രചാര വേലയിലൂടെയും തരം താണ ഭീഷണിപ്പെടുത്തലുകളിലൂടെയും വിദ്യാസമ്പന്നരായ യൗവനത്തെ സംഘടനയിൽ ചേർക്കാനുള്ള ശ്രമമാണ് ഭരണാനുകൂല സംഘടന ചെയ്തത്. എന്നാൽ കഴിഞ്ഞ എൽ.ഡി.എഫ്. ഭരണകാലത്തെ വികസന നേട്ടങ്ങളുടെ ഫലമായാണ് അസിസ്റ്റന്റ് തസ്തികയിൽ ഒഴിവുണ്ടായതെന്ന യാഥാർത്ഥ്യം തിരിച്ചറിഞ്ഞ് പുതുതലമുറയിൽ ബഹുഭൂരിപക്ഷവും സ്റ്റാഫ് അസോസിയേഷനിൽ അംഗത്വമെടുക്കുകയാണ് ചെയ്തത്. ആവശ്യത്തിലേറെ ഒഴിവുകൾ ഉണ്ടായിട്ടും നിയമന ഉത്തരവ് 5 മാസം വൈകിയാണ് നൽകിയത്. കള്ളപ്രചാരവേലയിൽ കുടുങ്ങിയവരും യാഥാർത്ഥ്യം തിരിച്ചറിഞ്ഞ് സ്റ്റാഫ് അസോസിയേഷനിലേക്ക് വരുകയാണ്. ജീവനക്കാരുടെ ന്യായമായ ആവശ്യങ്ങൾ നേടിയെടുക്കുന്നതിനും സ്ഥാപന സംരക്ഷണത്തിനും വിട്ടുവീഴ്ചയില്ലാത്ത നിലപാട് സ്വീകരിക്കുന്ന സ്റ്റാഫ് അസോസിയേഷനെ കൂടുതൽ കരുത്തുറ്റതാക്കുന്ന സമീപനം സ്വീകരിച്ച പുതിയ അംഗങ്ങൾക്ക് സംഘടനയുടെ വിപ്ലവാഭിവാദ്യങ്ങൾ നേരുന്നു.

ഇ.പി.എസ്. '95 പദ്ധതിയിൽ പുതുതായി വരുത്തിയ ഭേദഗതിയനുസരിച്ച് 15000 രൂപയ്ക്ക് മേൽ വരുമാനമുള്ളവർക്ക് ഇ.പി.എസ്. '95 പെൻഷൻ പദ്ധതിയിൽ ചേരാനാവില്ല. പുതുതായി കെ.എസ്.എഫ്.ഇ. സർവ്വീസിൽ പ്രവേശിച്ച ഓഫീസ് അറ്റന്റന്റ്/ജൂനിയർ അസിസ്റ്റന്റ് വിഭാഗം ജീവനക്കാരുടെ പെൻഷൻ, പെൻഷൻ പ്രായം എന്നിവയെ സംബന്ധിച്ച അനിശ്ചിതത്വം

പരിഹരിക്കുന്നതിന് ചർച്ച വിളിച്ചുചേർക്കണമെന്ന് മാനേജ്മെന്റിനോട് ആവശ്യപ്പെടാൻ തീരുമാനിച്ചു.

**3. ചിട്ടി വരിക്കാർക്കുള്ള സർവ്വീസ് ടാക്സ് കുത്തനെ ഉയർത്തിയ കേന്ദ്ര സർക്കാർ നിലപാടിൽ പ്രതിഷേധം**

ഫോർമാൻ കമ്മീഷന്റെ 70%ന്റെ 12.36% (8.652%)ആയിരുന്ന സർവ്വീസ് ടാക്സ്, മൊത്തം ഫോർമാൻ കമ്മീഷന്റെ 14% ആയി കേന്ദ്രസർക്കാർ ഉയർത്തിയിരിക്കുകയാണ്. ഇത് നമ്മുടെ പ്രധാന ബിസിനസായ ചിട്ടിക്ക് വൻപ്രതിസന്ധി സൃഷ്ടിക്കും. പ്രശ്നത്തിന്റെ ഗൗരവം കേന്ദ്രസംസ്ഥാന സർക്കാരുകളെ ബോധ്യപ്പെടുത്താൻ മാനേജ്മെന്റിന് കഴിയണം. ചിട്ടി വ്യവസായം സംരക്ഷിക്കുന്നതിന് ശക്തമായ നിലപാട് സ്വീകരിക്കാൻ മാനേജ്മെന്റിനോടാവശ്യപ്പെടാൻ തീരുമാനിച്ചു.

**4. കരാറുകൾക്കുള്ള മുദ്രപത്രവില അഞ്ചിരട്ടിയായി വർദ്ധിപ്പിച്ച കേരള സർക്കാർ നിലപാടിൽ പ്രതിഷേധം.**

മുദ്രപത്രവില അഞ്ചിരട്ടിയായി വർദ്ധിപ്പിച്ച കേരള സർക്കാർ നിലപാടിൽ സംസ്ഥാന കമ്മിറ്റി ശക്തിയായി പ്രതിഷേധിച്ചു. ഇടപാടുകാരുടെ രോഷത്തിന് സ്ഥാപനത്തിലെ ഫ്രണ്ട് ഓഫീസ് സ്റ്റാഫ് വിധേയമാകുകയാണ്. പ്രശ്നത്തിന്റെ ഗൗരവം സർക്കാരിനെ ബോധ്യപ്പെടുത്തി, മുദ്രപത്രവില കുറയ്ക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നാവശ്യപ്പെടാൻ തീരുമാനിച്ചു.

**5. ശമ്പളപരിഷ്കരണ ചർച്ച പുനഃരാരംഭിക്കുക.**

ജൂലൈ 31 ന് കഴിഞ്ഞ കരാറിന്റെ കാലാവധി അവസാനിച്ചിട്ട് 3 വർഷംതികയുകയാണ്. ജീവനക്കാരുടെ അർപ്പണമനോഭാവവും കഠിനാദ്ധ്വാനവും മൂലം കെ.എസ്.എഫ്.ഇ. യുടെ പ്രവർത്തന ലാഭം 220 കോടി കടക്കുകയാണ്. ശമ്പളപരിഷ്കരണ ചർച്ച അനന്തമായി വലിച്ചുനീട്ടുന്ന സമീപനം തിരുത്തി ശമ്പളപരിഷ്കരണം യാഥാർത്ഥ്യമാക്കണമെന്ന് മാനേജ്മെന്റിനോടാവശ്യപ്പെടാൻ തീരുമാനിച്ചു.

**6. അസിസ്റ്റന്റ് മാനേജർ തസ്തികയിലേക്കുള്ള പ്രമോഷൻ നൽകുക.**

10.02.2015 ന് നടന്ന ചർച്ചയിലെ തീരുമാനമനുസരിച്ച് പ്രസ്തുത വിഷയത്തിൽ തീരുമാനമെടുക്കാൻ അടിയന്തരമായി ചർച്ചവിളിച്ചു ചേർക്കണമെന്നാവശ്യപ്പെടാൻ തീരുമാനിച്ചു. എത്രയും വേഗം പ്രമോഷൻ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നാവശ്യപ്പെടാൻ തീരുമാനിച്ചു.

**7. 28.04.2015 ന് ജൂനിയർ അസിസ്റ്റന്റ് തസ്തികയിലേക്കുള്ള പ്രമോഷനുവേണ്ടി പി.എസ്.സി. നടത്തിയ എലിജിബിലിറ്റി ടെസ്റ്റിലെ അപാകതകൾ തിരുത്തി, പരീക്ഷാർത്ഥികൾക്ക് സാമാന്യനീതി ഉറപ്പുവരുത്തുക.**

മേൽ സൂചിപ്പിച്ച എലിജിബിലിറ്റി ടെസ്റ്റിൽ താഴെ കൊടുക്കുന്ന ഗുരുതരമായ വീഴ്ചകൾ ഉണ്ടായി.

പി.എസ്.സി.യുടെ ഏപ്രിൽ മാസത്തെ പരീക്ഷാ കലണ്ടറിൽ പ്രസ്തുത പരീക്ഷാവിവരം ഉൾപ്പെടുത്തിയിരുന്നില്ല. പരീക്ഷയ്ക്ക് 21 ദിവസം മുമ്പ് എസ്.എം.എസ്. സന്ദേശംവഴി പരീക്ഷാർത്ഥികളെ പരീക്ഷാവിവരം അറിയിക്കുകയാണ് പി.എസ്.സി. ചെയ്തത്. പി.എസ്.സി. വിജ്ഞാപനത്തിലോ അഡ്മിഷൻ ടിക്കറ്റിലോ പരീക്ഷാമാധ്യമം ഏതാണെന്ന് വ്യക്തമാക്കിയിരുന്നില്ല. കഴിഞ്ഞതവണ പരീക്ഷാമാധ്യമം മലയാളമായിരുന്നതുകൊണ്ട് ഇത്തവണയും പരീക്ഷാമാധ്യമം മലയാളമായിരിക്കുമെന്നാണ് പരീക്ഷാർത്ഥികൾ കരുതിയത്. എന്നാൽ പരീക്ഷാമാധ്യമം ഒരു മുന്നറിയിപ്പുമില്ലാതെ ഇംഗ്ലീഷ് ആക്കിമാറ്റുകയാണ് പി.എസ്.സി. ചെയ്തത്. കൂടാതെ ചോദ്യപേപ്പറിന്റെ മുൻവശത്ത് പരീക്ഷയുടെ തസ്തികയും ഡിപ്പാർട്ട്മെന്റും പ്രിന്റ് ചെയ്യുക വഴി പരീക്ഷയുടെ രഹസ്യസ്വഭാവവും നഷ്ടമായി. പരീക്ഷാനടത്തിപ്പിലെ ഗുരുതരമായ ഈ വീഴ്ചകൾ മാനേജ്മെന്റ് പി.എസ്.സി. യെ ബോധ്യപ്പെടുത്തണമെന്ന് ആവശ്യപ്പെടാൻ തീരുമാനിച്ചു.

ആവശ്യമായ തിരുത്തൽ നടപടികൾ സ്വീകരിച്ച് പരീക്ഷാർത്ഥികൾക്ക് സാമാന്യനീതി ഉറപ്പുവരുത്തണമെന്നാവശ്യപ്പെട്ട് പി.എസ്.സി. ക്ക് കത്തെഴുതാൻ തീരുമാനിച്ചു.

**8. ഓഫീസ് അറ്റന്റന്റ് ജീവനക്കാരുടെ 10% പ്രമോഷൻ മാനേജ്മെന്റ് അടിയന്തരമായി ചർച്ച വിളിക്കുക.**

ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെ 1/ '14 ഉത്തരവിന് അനുരോധമായി കെ.എസ്.എഫ്.ഇ. യിലെ ഓഫീസ് അറ്റന്റന്റ് ജീവനക്കാർക്കും 10% പ്രമോഷൻ നൽകുന്നതിന് എസ്.എസ്.എൽ.സി. യോഗ്യതയുള്ളവരെയും പരിഗണിക്കണമെന്ന ആവശ്യത്തിന്മേൽ കെ.എസ്.എഫ്.ഇ. യുടെ അഭിപ്രായം ആരാഞ്ഞുകൊണ്ട് സർക്കാരിൽ നിന്നും കെ.എസ്.എഫ്.ഇ. യിലേക്ക് കത്ത് നൽകിയിട്ടുണ്ട്. എസ്.എസ്.എൽ.സി. യോഗ്യതയുള്ളവർക്കും കൂടി പ്രമോഷൻ ആനുകൂല്യം ലഭിക്കത്തക്കരീതിയിൽ വേണം പ്രസ്തുത ഉത്തരവ് കെ.എസ്.എഫ്.ഇ. യിൽ നടപ്പാക്കേണ്ടതെന്ന് ആവശ്യപ്പെടാൻ തീരുമാനിച്ചു.

**9. എല്ലാ വിഭാഗം വർക്ക്മെൻ ജീവനക്കാരുടെയും സീനിയോറിറ്റിലിസ്റ്റ് പ്രസിദ്ധപ്പെടണമെന്നാവശ്യപ്പെടാൻ തീരുമാനിച്ചു.**

**10. ഓഫീസ് അറ്റന്റന്റ് ജീവനക്കാരുടെ അധികചുമതല വഹിക്കുന്ന പി.ടി.എസ്. ജീവനക്കാരുടെ വേതനം വർധിപ്പിക്കുക.**

ഓഫീസ് അറ്റന്റന്റുമാരുടെ അഭാവത്തിൽ ഉച്ചയ്ക്കുശേഷം പ്രസ്തുത ജോലി നിർവ്വഹിക്കുന്ന പാർട് ടൈം ജീവനക്കാർക്ക് 100 രൂപയാണ് നിലവിൽ നൽകുന്നത്. ജീവിത ചെലവുകൾ ഉയർന്ന സാഹചര്യം പരിഗണിച്ച് ഇത് 300 രൂപയായി ഉയർത്തി

നൽകണമെന്നാവശ്യപ്പെടാൻ തീരുമാനിച്ചു.

**11. ഡസ്പാച്ച് അസിസ്റ്റന്റ് ഉത്തരവാദിത്വങ്ങളും ചുമതലകളും നിർവ്വചിക്കണമെന്നാവശ്യപ്പെട്ട് മാനേജ്മെന്റിന് വീണ്ടും കത്ത് നൽകാൻ തീരുമാനിച്ചു.**

**12. പി.ടി.എസ്. ജീവനക്കാരുടെ പ്രമോഷൻ സാധ്യതകൾ മങ്ങുന്നു: ചർച്ച വിളിച്ച് ചേർത്ത് പ്രശ്നം പരിഹരിക്കുക.**

പി.ടി.എസ്. തസ്തികയിൽ നിലവിൽ ജോലിയിൽ പ്രവേശിക്കുന്നവരിൽ ബഹുഭൂരിപക്ഷവും ശരാശരി 50 വയസ്സ് പ്രായമുള്ളവരാണ്. ജോലിയിൽ പ്രവേശിച്ച് 3 വർഷം തികഞ്ഞാലേ ഇവർക്ക് പ്രമോഷൻ ടെസ്റ്റിനപേക്ഷിക്കാൻ കഴിയുകയുള്ളു. എന്നാൽ ചട്ടമനുസരിച്ച് 50 വയസ്സിനുമുകളിൽ പ്രായമുള്ളവർക്ക് പ്രമോഷൻ ടെസ്റ്റിനപേക്ഷിക്കുവാൻ കഴിയുകയില്ല. ആയതിനാൽ പി.ടി.എസ്. വിഭാഗം ജീവനക്കാരുടെ പ്രമോഷൻ സാധ്യതകൾ മങ്ങുകയാണ്. ഈ വിഷയം ചർച്ചചെയ്തു പരിഹരിക്കുന്നതിന് സംഘടനകളുടെ യോഗം വിളിക്കണമെന്നാവശ്യപ്പെടാൻ തീരുമാനിച്ചു.

**13. വർക്ക്മെൻ വിഭാഗം ജീവനക്കാരുടെ സ്ഥലംമാറ്റ ചട്ടത്തിലെ പ്രതിലോമകരവും പക്ഷപാതകരവുമായ വ്യവസ്ഥകൾ ഒഴിവാക്കണമെന്നാവശ്യപ്പെടാൻ തീരുമാനിച്ചു.**

**14. ഓഫീസ് അറ്റന്റന്റുമാരുടെ പ്രമോഷൻ ടെസ്റ്റിന് ഡി.സി.എ. ഒഴിവാക്കിയ തീരുമാനം നടപ്പാക്കുന്നതിന് സർക്കാരിലും പി.എസ്.സി. യിലും ആവശ്യമായ തുടർനടപടികൾ സ്വീകരിക്കണമെന്ന് മാനേജ്മെന്റിനോടാവശ്യപ്പെടാൻ തീരുമാനിച്ചു.**

**15. പി.ടി.എസ്. ജീവനക്കാർക്ക് പ്രമോഷൻ നൽകുക.**

ഓഫീസ് അറ്റന്റന്റ് തസ്തികയിലേക്കുള്ള റാങ്ക്ലിസ്റ്റ് പി.എസ്.സി. പ്രസിദ്ധീകരിച്ചിട്ട് ആഴ്ചകൾ കഴിഞ്ഞു. റാങ്ക് ലിസ്റ്റിലുള്ള എല്ലാ ജീവനക്കാർക്കും എത്രയും വേഗം പ്രമോഷൻ ഉത്തരവ് നൽകുന്നതിന് ആവശ്യമായ നടപടികൾ പി.എസ്.സി. യുമായി ബന്ധപ്പെട്ട് സ്വീകരിക്കണമെന്ന് ആവശ്യപ്പെടാൻ തീരുമാനിച്ചു.

**16. ഇരിക്കൂർ ശാഖാമാനേജരായിരുന്ന ഡോ.പി. യഹിയയയുടെ അന്യായമായ സസ്പെൻഷൻ എത്രയും വേഗം പിൻവലിക്കണമെന്നാവശ്യപ്പെടാൻ തീരുമാനിച്ചു.**

**17. സി.ഐ.ടി.യു. പ്രവർത്തനഫണ്ട് 2015**

സി.ഐ.ടി.യു. പ്രവർത്തനഫണ്ട് 2015 വിജയിപ്പിക്കുവാൻ തീരുമാനിച്ചു. ഫുൾ ടൈം ജീവനക്കാർ 120 രൂപയും പാർട്ട് ടൈം ജീവനക്കാർ 60 രൂപയും പ്രവർത്തനഫണ്ടിലേക്ക് സംഭാവനയായി നൽകേണ്ടതാണ്. ജൂൺമാസത്തിൽ തന്നെ ഫണ്ട് സമാഹരണം പൂർത്തിയാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**18. സംഘടനയുടെ സംസ്ഥാന സമ്മേളനം**

സംഘടനയുടെ 28-ാം സംസ്ഥാന സമ്മേളനം 2015 ഡിസംബറിൽ കണ്ണൂരിൽ വച്ച് നടത്താൻ തീരുമാനിച്ചു.

**19. വനിതാ സബ്കമ്മിറ്റി**

സംസ്ഥാന വനിതാ സബ്കമ്മിറ്റിയുടെ യോഗം ജൂൺമാസത്തിൽ തന്നെ വിളിച്ചുചേർക്കണമെന്ന് ആവശ്യപ്പെടാൻ തീരുമാനിച്ചു. വനിതാ സബ്കമ്മിറ്റി രൂപീകരിക്കാത്ത ജില്ലാകമ്മിറ്റികൾ ജൂൺമാസത്തിൽ തന്നെ വനിതാ സബ്കമ്മിറ്റികൾ രൂപീകരിക്കണം. വനിതാസബ്കമ്മിറ്റികളുടെ മേൽനോട്ടത്തിൽ വനിതാപ്രവർത്തകയോഗം ചേരേണ്ടതാണ്.

വനിതാ സബ്കമ്മിറ്റി ചെയർപേഴ്സൺ സ: എൻ. നീനയെയും (ശാസ്താംകോട്ട, കൊല്ലം) കൺവീനർ സ: ടി.എം. ശ്രീനിമോളെയും (കലവൂർ, ആലപ്പുഴ) സംസ്ഥാന കമ്മിറ്റിയിൽ പ്രത്യേക ക്ഷണിതാക്കളായി ഉൾപ്പെടുത്തുവാൻ തീരുമാനിച്ചു.

**20. 2015 ജൂലൈ 23, ജൂലൈ 31 മേൽ സൂചിപ്പിച്ച ആവശ്യങ്ങൾ നേടിയെടുക്കുന്നതിനുള്ള ശക്തമായ പ്രക്ഷോഭ ദിനങ്ങളായി തീരുമാനിച്ചു. എസ്. എ.-ഒ.യു. കോർഡിനേഷൻ ശക്തിപ്പെടുത്തിക്കൊണ്ട് ശക്തമായ പ്രത്യക്ഷസമരം നടത്താൻ തീരുമാനിച്ചു.**

**21. 2015 ജൂൺ 17 – സഖാവ് സിബി.സി.വാര്യർ അനുസ്മരണ സെമിനാർ**

കെ.എസ്.എഫ്.ഇ. പൊതുമേഖലയിൽ സംരക്ഷിച്ചു നിലനിർത്തുന്നതിനും ജീവനക്കാരുടെ അവകാശ ആനുകൂല്യങ്ങൾക്കും വേണ്ടി ഒരു മനുഷ്യായുസ്സ് സമർപ്പിച്ച സഖാവ് സിബി.സി.വാര്യർ നമ്മെ വിട്ടു പിരിഞ്ഞിട്ട ജൂൺ 17ന് രണ്ട് വർഷം തികയുകയാണ്. സഖാവിന്റെ സ്മരണാർത്ഥം "മാറുന്ന തൊഴിൽ നിയമങ്ങളും ഇന്ത്യൻ സാമ്പത്തിക രംഗവും" എന്ന വിഷയത്തിൽ എറണാകുളം കെ.ജി.ബോസ് ഭവനിൽ വച്ച് സെമിനാർ സംഘടിപ്പിക്കാൻ തീരുമാനിച്ചു. 2015 ജൂൺ 17 ന് വൈകിട്ട് 4 മണിക്ക് നടക്കുന്ന സെമിനാറിൽ പങ്കെടുത്ത് വിജയിപ്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**22. സബ് കമ്മറ്റികൾ**

നിയമസഭ, സെക്രട്ടറിയേറ്റ്, പി.എസ്.സി. എന്നിവിടങ്ങളിൽ സ്ഥാപനവും ജീവനക്കാരുമായി ബന്ധപ്പെട്ടുള്ള പ്രശ്നങ്ങളിലും

ഫയലുകളിലും സമയബന്ധിതമായി ഇടപെടുന്നതിനും സംഘടനയ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുമായി സ: സന്തോഷ്കുമാർ. ആർ.ഡി., സ: ഷുബി അലി.എം., എന്നിവർ അംഗങ്ങളായി സബ് കമ്മറ്റി രൂപീകരിച്ചു.

ഹെഡ്ഡോഫീസുമായി ബന്ധപ്പെട്ട് മേൽ പ്രശ്നങ്ങളിൽ സമയബന്ധിതമായി ഇടപെടുന്നതിനും സംഘടനയ്ക്ക് റിപ്പോർട്ട് നൽകുന്നതിനുമായി സഖാക്കൾ വിജയകുമാർ.ബി.എസ്., ജ്യോതിനാഥൻ.കെ.എസ്., മധുസൂദനൻ.വി.കെ. എന്നിവർ അംഗങ്ങളായി സബ് കമ്മറ്റി രൂപീകരിച്ചു. ഹൈക്കോടതി, സുപ്രീം കോടതി എന്നിവിടങ്ങളിൽ നിലനിൽക്കുന്ന കേസ്സുകൾ, പ്രോവിഡന്റ് ഫണ്ട് ഓഫീസുമായി ബന്ധപ്പെട്ട ജീവനക്കാരുടെ പ്രശ്നങ്ങൾ എന്നിവ സമയബന്ധിതമായി ഇടപെട്ട് സംഘടനയ്ക്ക് റിപ്പോർട്ട് നൽകുന്നതിന് സഖാക്കൾ ബൈജു.എം., മനോജ്.എ.വി., എന്നിവർ അംഗങ്ങളായി സബ് കമ്മറ്റി രൂപീകരിച്ചു.

മേൽ സൂചിപ്പിച്ച സബ് കമ്മറ്റികൾ അതത് ജില്ലകളിലെ പ്രധാന പ്രവർത്തകരെ ഉൾപ്പെടുത്തി വിപുലീകരിക്കണമെന്നും പ്രസ്തുത വിവരം സംസ്ഥാന കമ്മറ്റിയെ അറിയിക്കണമെന്നും തീരുമാനിച്ചു.

**23. സംസ്ഥാന പഠനക്യാമ്പ് ജൂലൈ മാസത്തിൽ ഇ.എം.എസ്. അക്കാഡമിയിൽ വച്ച് നടത്തുവാൻ തീരുമാനിച്ചു.**

സഖാക്കളേ, സുഹൃത്തുക്കളേ,

BAS Software ന്റെ അപാകതയും മറ്റ് സാഹചര്യങ്ങളും മുതലെടുത്തുകൊണ്ട് സ്ഥാപനത്തിൽ അഴിമതി വർധിക്കുകയാണ്. ഈയിടെയായി ചില ശാഖകളിൽ നിന്നും പുറത്തുവന്ന അഴിമതികൾ ഞെട്ടിക്കുന്നതാണ്. ഇന്റേണൽ ആഡിറ്റ് സംവിധാനത്തിന്റെ പരിമിതികൾ ബോധ്യപ്പെടുകയാണ്. ഇത്തരം തട്ടിപ്പുകൾക്ക് നേരെ ഇന്റേണൽ ആഡിറ്റ് വിഭാഗം കണ്ണടയ്ക്കുന്നുണ്ടോ എന്ന ആശങ്കയും അസ്ഥാനത്തല്ല. അടിയന്തിരമായി സ്ഥാപനത്തിലെ ഇന്റേണൽ ആഡിറ്റ് സംവിധാനം പൊളിച്ചെഴുതി അഴിമതിക്കാർക്കെതിരെ ശക്തമായ നിലപാട് സ്വീകരിക്കണമെന്ന് ആവശ്യപ്പെടുന്നു.

2013 ൽ കമ്പനീസ് ആക്ടിൽ വരുത്തിയ ഭേദഗതിക്കനുരോധമായി കെ.എസ്.എഫ്.ഇ. യും (സാമൂഹ്യ പ്രതിബദ്ധതാ പദ്ധതി) സി.എസ്.ആർ. നടപ്പാക്കുന്നതിനെ ഞങ്ങൾ സ്വാഗതം ചെയ്യുന്നു. എന്നാൽ സംഘടനകളുമായി കൂടിയാലോചിച്ച് മാനദണ്ഡം നിശ്ചയിക്കാതെ ഏകപക്ഷീയമായി നടപ്പാക്കുന്ന മാനേജ്മെന്റ് നയത്തിൽ ഞങ്ങൾ പ്രതിഷേധിക്കുന്നു. ബോർഡംഗങ്ങളുടെ സ്ഥാപിതവും സങ്കുചിതവുമായ താല്പര്യങ്ങൾക്കല്ല മറിച്ച് സ്ഥാപനത്തിന്റെ ഉത്തമ താല്പര്യം പരിഗണിച്ചുവേണം സി.എസ്.ആർ. സ്ഥാപനത്തിൽ നടപ്പാക്കേണ്ടതെന്നാണ് ഞങ്ങളുടെ പക്ഷം.

കെ.എസ്.എഫ്.ഇ. യുടെ അന്തസ്സും സമൂഹമദ്ധ്യത്തിലുള്ള അംഗീകാരവും ഇടിച്ചു താഴ്ത്തുന്ന പ്രവൃത്തിയാണ് ഭാഗ്യശ്രേയസ്സ് ചിട്ടികൾ 14 ന്റെ മെഗാസമ്മാന നറുക്കെടുപ്പ് വേദിയിൽ അരങ്ങേറിയത്. വേദിയിലുണ്ടായിരുന്ന വൈസ്ചെയർമാൻ പരസ്യമായി മാനേജിംഗ് ഡയറക്ടറെ കേട്ടാൽ അറപ്പുളവാക്കുന്ന ഭാഷയിൽ ആക്ഷേപിച്ചു. പത്ര-ദൃശ്യമാധ്യമങ്ങളുടെയും വിശിഷ്ടാതിഥികളുടെയും സാന്നിദ്ധ്യത്തിലായിരുന്നു വൈസ് ചെയർമാന്റെ സംസ്കാരശൂന്യ പ്രകടനം. പൊതുസമൂഹത്തിനു മുന്നിൽ സ്ഥാപനത്തിന്റെ അന്തസ്സ് കളഞ്ഞുകുളിച്ച വൈസ് ചെയർമാനെ ഡയറക്ടർ ബോർഡിൽ നിന്നും പുറത്താക്കുകയാണ് വേണ്ടത്. അതിനുള്ള ആർജ്ജവം മാനേജിംഗ് ഡയറക്ടർ കാണിക്കണം. അല്ലാത്തപക്ഷം മാനേജിംഗ് ഡയറക്ടർ കസേരയുടെ പവിത്രത സംരക്ഷിക്കുന്നതിനും സ്വന്തം ആത്മാഭിമാനം സംരക്ഷിക്കുന്നതിനും രാജിവച്ചൊഴിയാൻ മാനേജിംഗ് ഡയറക്ടർ തയ്യാറാകണം. സ്ഥാപനത്തിന്റെ പൊതുചടങ്ങുകളിൽ സംയമനവും മിതത്വവും പാലിക്കുന്നതിന് പകരം രാഷ്ട്രീയ വിദ്വേഷ പ്രസംഗം നടത്തി പ്രകോപനം സൃഷ്ടിക്കുന്ന ചെയർമാന്റെ നിലപാട് പ്രതിഷേധാർഹമാണ്. പൊതുജനങ്ങളെ കെ.എസ്.എഫ്.ഇ. യിലേക്ക് ആകർഷിക്കുന്ന പ്രസംഗമാണ് ചെയർമാനിൽ നിന്നും ജീവനക്കാർ പ്രതീക്ഷിക്കുന്നത്. ഭാഗ്യശ്രേയസ്സ് ചിട്ടികൾ 2014 മെഗാസമ്മാന നറുക്കെടുപ്പ് വേദി സംഘർഷഭരിതമാക്കിയതിന്റെ ഉത്തരവാദിത്വത്തിൽ നിന്നും ചെയർമാനൊഴിയാനാകില്ല. സ്ഥാപന താല്പര്യം മുൻനിർത്തി സംഘടിപ്പിക്കുന്ന പൊതുചടങ്ങുകൾ അലങ്കോലമാകുന്നത് സ്ഥാപനത്തെ സ്നേഹിക്കുന്ന ജീവനക്കാർക്ക് അംഗീകരിക്കാനാവില്ല. സ്ഥാപനത്തെ പൊതുസമൂഹത്തിൽ അപമാനിക്കുന്ന നിലപാടിൽ നിന്നും മാനേജ്മെന്റ് പിന്തിരിയണമെന്നും അല്ലാത്തപക്ഷം ശക്തമായ പ്രതിഷേധം ഉയർത്തി സ്ഥാപനത്തിന്റെ അന്തസ്സ് വീണ്ടെടുക്കാൻ രംഗത്തിറങ്ങുമെന്നും ഞങ്ങൾ മുന്നറിയിപ്പ് നൽകുന്നു.

അഭിവാദനങ്ങളോടെ,

**മുരളീകൃഷ്ണ പിള്ള .എസ്.**

ജനറൽ സെക്രട്ടറി

06.06.2015

കെ.എസ്.എഫ്.ഇ. സ്റ്റാഫ് അസോസിയേഷൻ

N.B. മേൽ സൂചിപ്പിച്ച വിഷയങ്ങളിൽ മാനേജ്മെന്റിനും പി.എസ്.സി. ക്കും നൽകിയ കത്തുകൾ വായിക്കുന്നതിന് www.ksfesa.com എന്ന വെബ്സൈറ്റ് സന്ദർശിക്കുക.